ഭരണഭാഷ മാതൃഭാഷ

ICDS/ A6/6256/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 28/07/2020
email:directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471 2346534

**പരിപത്രം**

വിഷയം : വനിതാ ശിശു വികസന വകുപ്പ് - പ്രധാനമന്ത്രി മാതൃ വന്ദന യോജന അപേക്ഷ പരിശോധന,ഡാറ്റ എൻട്രി മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

പിഎംഎംവിവൈ പെൻഡിംഗ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും നിരവധി അപേക്ഷകൾ ഡാറ്റ എൻട്രി ചെയ്യതിലുള്ള പിഴവ് കാരണം ഇതിൽ ഉൾപ്പെട്ടിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. ആധാർ നമ്പറുകൾ തെറ്റായി രേഖപ്പെടുത്തുക, അപേക്ഷകരുടെ പേര് തെറ്റായി രേഖപ്പെടുത്തുക, LMP / ANC തീയതികൾ തെറ്റായി രേഖപെടുത്തുക എന്നീ ഗുരുതരമായ വീഴ്ചകൾ ഡാറ്റ എൻട്രി ചെയ്യവരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഫീൽഡ് തലത്തിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയപ്പോൾ പല അപേക്ഷകളിലും തെറ്റായ വിവരങ്ങൾ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. അത്തരം തെറ്റായ വിവരങ്ങൾ ശെരിയെന്നുള്ളം സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ ആണ് ഡാറ്റ എൻട്രി ചെയ്യുന്നതിനായി നല്കിയിരുന്നതെന്നും ശ്രദ്ധയിൽപെട്ടു. മേൽ സാഹചര്യത്തിൽ അപേക്ഷ പരിശോധനക്കയും ഡാറ്റ എൻട്രി ചെയ്യുന്നതിനായും താഴെ പറയുന്ന നിർദ്ദേശ്ശങ്ങൾ നൽകുന്നു

**അപേക്ഷ പരിശോധന**

1. അങ്കണവാടി പ്രവർത്തകർ അപേക്ഷ സൂപ്പർവൈസർക്കു നൽകുമ്പോൾ അപേക്ഷയിലെ വിവരങ്ങൾ ഗുണഭോക്താക്കൾ തന്നിരിക്കുന്ന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിനു ശേഷം സമർപ്പിക്കേണ്ടതാണ് .
2. തെറ്റായ വിവരങ്ങൾ ആണ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ അത് തിരുത്തിയതിനു ശേഷം പുനർനടപടിക്കായിസമർപ്പിക്കേണ്ടതാണ്
3. ഗുണഭോക്താക്കളുടെ പേരും ആധാർനമ്പറും ആധാർ കാർഡിലേത് പോലെയാണോ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് പരിശോധന ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്
4. അപേക്ഷയോടൊപ്പം നൽകുന്ന ആരോഗ്യ പരിശോധന രേഖകളുമായി LMP തീയതി ഒത്തുനോക്കി ഉറപ്പാക്കേണ്ടതാണ്
5. LMP തീയതി കഴിഞ്ഞു 150 ദിവസത്തിനകം ആണോ AWC രജിസ്ട്രേഷൻ തീയതി എന്ന് ആരോഗ്യ പരിശോധന രേഖകളുമായി ഒത്തുനോക്കി ഉറപ്പാക്കേണ്ടതാണ്
6. അപേക്ഷക അങ്കണവാടിയിൽ അപേക്ഷ സമർപ്പിച്ച തീയതിയും സൂപ്പർവൈസർ കൈപ്പറ്റിയ തീയതിയും പരിശോധിക്കേണ്ടതാണ്

7. ആദ്യ പ്രസവമാണെന്നും , പ്രതിരോധ കുത്തിവയ്പ്പുകൾ നൽകിയിട്ടുണ്ടെന്നും ആരോഗ്യ പരിശോധന രേഖകളുമായി ഒത്തുനോക്കി ഉറപ്പാക്കേണ്ടതാണ്

മേൽ സൂചിപ്പിച്ച കാര്യങ്ങൾ ഉറപ്പാക്കിയ ശേഷം മാത്രം പരിശോധന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്

**ഡാറ്റ എൻട്രി**

1. എൻട്രി ചെയ്യുന്ന സമയം നൽകിയിരിക്കുന്ന വിവരങ്ങൾ കൃത്യമായി എന്റർ ചെയ്യേണ്ടതാണ്
2. ഡാറ്റ എൻട്രി ചെയ്ത വിവരങ്ങൾ സേവ് ചെയ്യുന്നതിന് മുൻപ് ഒന്നുകൂടി വായിച്ചുനോക്കിയതിനു ശേഷം സേവ് ചെയ്യേണ്ടതാണ്
3. തീയതികൾ എൻട്രി ചെയ്യുന്ന സമയം software ഇൽ checks ഉള്ളതിനാലും തെറ്റായ തീയതി പ്രകാരം ആനുകൂല്യം ലഭ്യമായാൽ പിന്നീട് ആ തീയതികൾ തിരുത്താൻ പറ്റാത്തതിനാലും അതീവശ്രദ്ധ യോടെ ഡാറ്റ എൻട്രി കൈകാര്യം ചെയ്യേണ്ടതാണ്

അപേക്ഷയിലെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ ഒരുപാടു വീഴ്ചകൾ സംഭവിക്കുന്നതിനാൽ മേൽ വിശദീകരിച്ച കാര്യങ്ങൾ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ഡാറ്റ എൻട്രി യിലെ കൃത്യത സി ഡി പി ഓ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ വിശദീകരിച്ച പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിക്കുന്ന പക്ഷം അച്ചടക്ക നടപടി ഉണ്ടാകുന്നതാണ്

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി

PREETHY WILSON
ASSISTANT DIRECTOR
Women and Child Development Department
Poojappura, Thiruvananthapuram
Phone : 8281999340